പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4177 — 25-6-2014-ൽ മറുപടിക്ക്

## പ്ലമ്പിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ പ്ലമ്പിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; | (എ) പ്ലംബിംഗ് ലൈസൻസ് ലഭിക്കുന്നതിനു വേണ്ടി അതാത് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ നിശ്ചിത സമയത്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അതിൽ നിന്ന് യോഗ്യരായ അപേക്ഷകർക്ക് എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും എഴുതാനുള്ള അവസരം നൽകുന്നതും പരീക്ഷയിൽ വിജയിക്കുന്നവർക്ക് ലൈസൻസ് നൽകുന്നതുമാണ്.<br>അപേക്ഷകന് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.<br>1. അപേക്ഷകൻ ഒരു ഇൻഡ്യൻ പൗരനായിരിക്കണം.<br>2. അപേക്ഷകന് ഏപ്രിൽ മാസം ഒന്നാം തീയതി 21 വയസ്സ് തികഞ്ഞിരിക്കണം.<br>3. അപേക്ഷകന് സിവിൽ എൻജിനീയറിംഗ് ഡിപ്ലോമയോ, ആൾ ഇൻഡ്യ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ, ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സോ, ആൾ ഇൻഡ്യ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനോ, നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗോ അംഗീകരിച്ച പ്ലംബിംഗിലെ സാനിറ്ററി എൻജിനീയറിംഗിലോ ഉള്ള സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം. സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ പ്ലംബിംഗ് ലൈസൻസ് പരീക്ഷയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.<br>4. അപേക്ഷകൻ പരീക്ഷ യോഗ്യത |

നേടിയതിനുശേഷം, ലൈസൻസ്ഡ് പ്ലംബറുടെ കീഴിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം (ഏപ്രിൽ ഒന്നാം തീയതിയിൽ) ഉണ്ടായിരിക്കുകയും, അവ തെളിയിക്കുന്ന ലൈസൻസ്ഡ് പ്ലംബറുടെ പ്ലംബിംഗ് ലൈസൻസ് നമ്പരോടുകൂടിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കുകയും വേണം.

| | | | |
|---|---|---|---|
| (ബി) | ഐ.റ്റി.ഐ. പ്ലമ്പിംഗ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ ലൈസൻസ് നൽകുകയുള്ളു എന്ന നിബന്ധന ഉണ്ടോ; | (ബി) | ഇല്ല. |
| (സി) | കെ.ഡബ്ല്യൂ. എ. ലൈസൻസിന് വേണ്ടി പ്രത്യേക ടെസ്റ്റ് നടത്തുന്നുണ്ടോ; ഈ ടെസ്റ്റിന് എപ്പോഴാണ് അപേക്ഷ ക്ഷണിക്കുന്നത്; ടെസ്റ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കെ.ഡബ്ല്യൂ. എ. ലൈസൻസിന് വേണ്ടി എല്ലാ വർഷവും പ്രത്യേക ടെസ്റ്റ് നടത്തുന്നുണ്ട്. എല്ലാ വർഷവും ജൂൺ മാസത്തിൽ അപേക്ഷ അതാത് ഡിവിഷൻ ഓഫീസുകളിൽ നിന്നും നൽകുന്നതും ജൂൺ 30 ന് മുൻപായി പൂരിപ്പിച്ച അപേക്ഷകൾ ഡിവിഷൻ ഓഫീസിൽ തിരികെ എത്തിക്കേണ്ടതുമാണ്. ഡിസംബർ മാസത്തിൽ എഴുത്തു പരീക്ഷയും ജനുവരി രണ്ടാമത്തെ ആഴ്ചയിൽ പ്രായോഗിക പരീക്ഷയും നടത്താറുണ്ട്. പ്ലംബിംഗ് പരീക്ഷയ്ക്ക് വാട്ടർ സപ്ലൈ, ഡ്രെയിനേജ് വിഷയങ്ങൾ സംബന്ധമായ 100 മാർക്കിന്റെ എഴുത്തുപരീക്ഷയും 100 മാർക്കിന്റെ പ്രായോഗിക പരീക്ഷയും നടത്തുന്നതാണ്. വിജയിക്കുന്നതിനായി എഴുത്തുപരീക്ഷയ്ക്കും പ്രായോഗിക പരീക്ഷയ്ക്കും പ്രത്യേകം 50 മാർക്ക് വീതം നേടേണ്ടതാണ്. |

(signature)

സെക്ഷൻ ഓഫീസർ